പതിമൂന്നാം കേരളനിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 314 19.2.2013 ൽ മറുപടിക്ക്.

## കടലാസ് രഹിത ഫയൽ സംവിധാനം

**ചോദ്യം**

ശ്രീ. ബെന്നി ബെഹനാൻ

,,കെ.ശിവദാസൻ നായർ

,,സി.പി.മുഹമ്മദ്

,,റ്റി.എൻ.പ്രതാപൻ

**മറുപടി**

ശ്രീ. ഉമ്മൻചാണ്ടി

(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | സർക്കാർ ഓഫീസുകളിൽ പേപ്പർ ലെസ് ഓഫീസ് സംവിധാനം നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) | ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ ഉന്നത വിദ്യാഭ്യാസം, വിവര സാങ്കേതിക വിദ്യാ, ഭക്ഷ്യവും-പൊതു വിതരണവും എന്നീ വകുപ്പുകളിൽ ഡിജിറ്റൽ ഡോക്യുമെന്റ് ഫയൽ സിസ്റ്റം എന്ന പേരിൽ കടലാസ് രഹിത ഫയൽ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.<br>സെക്രട്ടേറിയറ്റിലെ മറ്റു വകുപ്പുകളിൽ കടലാസ് രഹിത ഫയൽ സംവിധാനം നടപ്പിലാക്കുന്നത് സംബന്ധിച്ച കാര്യം സർക്കാർ പരിശോധിച്ചുവരുന്നു. കേരള സംസ്ഥാന ഐ.റ്റി. മിഷൻ, കേരള സംസ്ഥാന സസ്റ്റൈനബിൾ അർബൻ ഡവലപ്മെന്റ് പ്രോജക്റ്റ് (കെ.എസ്.യു.ഡി.പി), അക്ഷയാ, സിറ്റിസെൻ കോൾ സെന്റർ, കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (കെ.എസ്.ഐ.ടി.ഐ.എൽ), അനർട്ട്, സ്റ്റേറ്റ് ഇ -ഗവേർണൻസ് മിഷൻ ടീം (എസ്.ഇ.എം.ടി) എന്നീ പൊതു മേഖലാ സ്ഥാപനങ്ങളിലും കടലാസ് രഹിത ഫയൽ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.<br>എല്ലാ സർക്കാർ ഓഫീസുകളിലും കടലാസ് രഹിത ഫയൽ സംവിധാനം നടപ്പിലാക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |
| (ബി) | പ്രസ്തുത സംവിധാനത്തിന്റെ ഉദ്ദേശ്യലക്ഷ്യവും നേട്ടങ്ങളും | (ബി) | സർക്കാർ ഓഫീസുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുക എന്നതാണ് |

| | | | |
|---|---|---|---|
| | എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം; | | കടലാസ് രഹിത ഫയൽ സംവിധാനത്തിന്റെ ഉദ്ദേശ്യലക്ഷ്യം. ഫയലുകളുടെ നീക്കം മേലുദ്യോഗസ്ഥർക്ക് എപ്പോൾ വേണമെങ്കിലും പരിശോധിക്കാനും കാലതാമസം ഒഴിവാക്കി തീരുമാനങ്ങൾ കൈക്കൊള്ളാനും കഴിയും എന്നതാണ് ഈ സംവിധാനത്തിന്റെ നേട്ടം |
| (സി) | ഏതെല്ലാം ഏജൻസികളാണ് പ്രസ്തുത സംവിധാനം നടപ്പാക്കാൻ സഹകരിക്കുന്നത്? | (സി) | കേരള സർക്കാർ സ്ഥാപനമായ കെൽട്രോണും, കേന്ദ്ര സർക്കാർ സ്ഥാപനമായ നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററും ആണ് കടലാസ് രഹിത ഫയൽ സംവിധാനം നടപ്പാക്കാൻ സഹകരിക്കുന്നത്. |

സെക്ഷൻ ഓഫീസർ